**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1314** **27-07-2021 - ൽ മറുപടിയ്ക്ക്**

**ജന്തുജന്യ രോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജന്തുജന്യ രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | ജന്തുജന്യ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, വെറ്ററിനറി പൊതുജനാരോഗ്യ വിഭാഗം ആരംഭിക്കുന്നതിനുള്ള സമഗ്രമായൊരു റിപ്പോർട്ട് ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ കേരള തയ്യാറാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വകുപ്പിന്റെ അടിസ്ഥാന യൂണിറ്റുകളായ വെറ്ററിനറി ഡിസ്പെൻസറി, ഹോസ്പിറ്റലുകൾ എന്നിവയെ ശാക്തീകരിക്കുന്നതിനുള്ള വകുപ്പിന്റെ പുനസംഘടനയും, കർഷക സൗഹൃദ പദ്ധതികളും നടപ്പിൽ വരുത്തുവാനും ഉദ്ദേശിക്കുന്നു. ABC പദ്ധതിയും ശാസ്ത്രീയ അറവുശാലകളും പുറമെ നിന്ന് കൊണ്ടു വരുന്ന മൃഗങ്ങളുടെ നിരീക്ഷണങ്ങൾക്കുതകുന്ന സജ്ജീകരണങ്ങളുടെ ലാബുകളും ക്വാറന്റൈൻ സംവിധാനങ്ങളും എല്ലാം ഈ സാഹചര്യത്തിൽ ആവശ്യമാണ്. കോഴിക്കോട് ജില്ലയിൽ 2018 ൽ വ്യാപിച്ച നിപ, പ്രളയനാന്തരം എലിപ്പനി പ്രതിരോധം, വയനാട് ജില്ലയിൽ ഏതാനും വർഷങ്ങളായി നടന്നു വരുന്ന കുരങ്ങുപനി നിയന്ത്രണ പ്രവർത്തനങ്ങൾ, ചെള്ളുപനി നിയന്ത്രണം, കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പക്ഷിപ്പനി പ്രതിരോധ നിയന്ത്രണങ്ങൾ ഒക്കെ വകുപ്പ് ജന്തു ജന്യരോഗ നിയന്ത്രണങ്ങൾക്കായി നടത്തി വരുന്ന പ്രവർത്തനങ്ങളാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് പോലുള്ള ഗവേഷണ സ്ഥാപനങ്ങൾ വകുപ്പിനെ ഇതിനായി സഹായിക്കുന്നു. മനുഷ്യരിലെ പേവിഷബാധ സ്ഥിരീകരിക്കുന്നതും പാലോടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിലാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഏകാരോഗ്യം (one health) നടപ്പിലാക്കുന്നതിനും വെറ്ററിനറി പൊതുജനാരോഗ്യം തുടങ്ങുന്നതിനും വകുപ്പ് ആലോചിക്കുന്നു. |

സെക്ഷൻ ഓഫീസർ